**File No.KFDHQ/26991/2018-ADMIN/H2**

ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്
വഴുതക്കാട് തിരുവനന്തപുരം-14
*Email:apccf-admin.for @kerala.gov.in*
*Phone" (0) 0471-2338491*
തീയതി : 19/12/2018

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസെർവേറ്റർ (ഭരണം),
തിരുവനന്തപുരം.

To

വനം വകുപ്പിലെ എല്ലാ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും

സർ,

വിഷയം:- വനംവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) – സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 07.08.2018-ലെ സർക്കുലർ നം.73/2018/ധനം.
2. ഉത്തരവ് നമ്പർ H2-26991/18 തീയതി : 16/08/2018

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ നിന്നും എക്സൽ ഫോർമാറ്റിൽ ലഭിച്ച വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് സെക്രട്ടേറിയേറ്റിലേക്ക് അയച്ച് കൊടുത്തിരുന്നു. അതിൽ ചില തെറ്റുകൾ ഉള്ളതായി സർക്കാർ അറിയിച്ചിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. <u>വനം വകുപ്പിലെ പല ഓഫീസുകളിൽ നിന്നും പല ഫോർമാറ്റിൽ ആണ് എക്സൽ ഷീറ്റുകളിൽ ഡാറ്റ നൽകിയിട്ടുള്ളത്. ഇത് കാരണം MEDISEP വെബ്സൈറ്റിൽ ഡാറ്റ അപ് ലോഡ്ചെയ്യുന്നതിന് കഴിയുന്നില്ല. അതിനാൽ ഈ മെയിലിനോടൊപ്പമുള്ള എക്സൽ ഫോർമാറ്റ് ഡൌൺലോഡ് ചെയ്ത് ആവശ്യമായ വിവരങ്ങൾ അതിലേക്ക് കോപ്പി ചെയ്ത് ലഭ്യമാക്കേണ്ടതാണ്.</u>
2. <u>തീയതികൾ DD-MM-YYYY എന്ന ഫോർമാറ്റിൽ തന്നെ എന്ട്രി വരുത്തണം</u> (എക്സലിൽ അതിനുള്ള option ഉണ്ട്)
3. <u>Date of Birth, Date of retirement എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.</u>
4. പേരിനോടൊപ്പമുള്ള ഇനിഷ്യൽ പേരിനു ശേഷം മാത്രമേ നൽകുവാൻ പാടുള്ളു.
5. പേരിനോടൊപ്പം **full stop, comma** എന്നിവ ഇടാൻ പാടില്ല. Name as in Adhar-ൽ ഈ നിബന്ധന ആവശ്യമില്ല.
6. പത്തക്ക DDO കോഡ്, നാലക്ക ട്രെഷറി കോഡ് എന്നിവ കൃത്യമായി

രേഖപ്പെടുത്തേണ്ടതാണ്. പത്തക്ക DDO കോഡിന്റെ ആദ്യത്തെ നാലക്കങ്ങൾ ആണ് ട്രെഷറി കോഡ് (ഉദാ: DDO കോഡ് – 0104250018, ട്രെഷറി കോഡ് – 0104).

7. അഡിഷണൽ കോളംസ് ആഡ് ചെയ്യാൻ പാടുള്ളതല്ല.
8. PEN നമ്പരോടൊപ്പം ബ്രാക്കറ്റിൽ പേര് ചേർക്കരുത്
9. ഒരു എംപ്ലോയിയുടെ എല്ലാ ആശ്രിതരുടെ വിവരങ്ങൾക്കും ഒപ്പം ആ എംപ്ലോയീയുടെ PEN നിർബന്ധമായും ചേർക്കേണ്ടതാണ്. അവിടെ കോളങ്ങൾ മെർജ് ചെയ്ത് ഉപയോഗിക്കുകയോ ഒരു കോളത്തിൽ മാത്രം PEN രേഖപെടുത്തുകയോ ചെയ്യരുത്.
10. Spouse ഗവ.എംപ്ലോയീ ആണെങ്കിൽ ടിയാന്റെ/ടിയാളുടെ PEN നിർബന്ധമായും ചേർക്കേണ്ടതാണ്.
11. ഒരാളുടെ ആശ്രിതരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ഒഴിഞ്ഞ റോ ഇടേണ്ട ആവശ്യമില്ല.
12. എക്സൽ കോളംസ് മെർജ് ചെയ്ത് ഉപയോഗിക്കാൻ പാടില്ല.
13. ആശ്രിതരുടെ അഡ്രസിലുള്ള വീട്ടു നമ്പർ, PIN നമ്പർ എന്നിവ താഴോട്ട് കോപ്പി ചെയ്ത് കൊടുക്കുമ്പോൾ വ്യത്യാസം ഉണ്ടാകുന്നുണ്ട്. അത് പരിശോധിക്കേണ്ടതാണ്.
14. ആശ്രിതരുടെ (അച്ഛൻ, അമ്മ) ജനനതീയതിയും, മാസവും അറിയാത്ത കേസുകളിൽ വർഷം രേഖപ്പെടുത്തുന്നതിന് മുൻപായി 01-01- എന്ന് രേഖപ്പെടുത്തണം
15. വനം വകുപ്പിൽ നൂറ്റിരണ്ടു ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉള്ളതിനാൽ ഈ ഓഫീസിൽ കൺസോളിഡേറ്റ് ചെയ്യുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് നേരിടുകയാണ്. അതിനാൽ അതാതു വിങ്ങുകളുടെ ഡിവിഷൻ ഓഫീസുകളിൽ നിന്നും ഡാറ്റ രേഖപെടുത്തിയ എക്സൽ ഷീറ്റുകൾ അതാതു വിങ്ങുകളുടെ സർക്കിൾ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതും സർക്കിൾ ഓഫീസുകളിൽ ഇവ ഒറ്റ എക്സൽ ഷീറ്റിലേക്കു കൺസോളിഡേറ്റ് ചെയ്ത് 24/12/2018 തീയതിക്കകം നോഡൽ ഓഫീസർക്ക് അയച്ചു തരേണ്ടതുമാണ്. ഇക്കാര്യത്തിൽ ഒരുകാരണവശാലും വീഴ്ചവരുത്തരുതെന്ന് താത്പര്യപെടുന്നു
16. ഇതുമായി ബന്ധപെട്ട സംശയങ്ങൾക്ക് 0471-2529308, 9995891401 (വനം വകുപ്പ് നോഡൽ ഓഫീസർ), 9037172781 (സെക്ഷൻ ക്ലാർക്ക്) എന്നി നമ്പറുകളിൽ ബന്ധപ്പെടുക.

വിശ്വസ്തതയോടെ

നോഡൽ ഓഫീസർ (MEDISEP)

വന വന്യജീവി വകുപ്പ്